805

SET A

# സമഗ്ര ശിക്ഷ, കേരള

## വാർഷിക മൂല്യനിർണയം - 2018 - 19

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. പ്രാചീന ഈജിപ്ഷ്യൻ ജനതയുടെ എഴുത്തുവിദ്യയുടെ പേരെന്ത്? (1)
2. ലോകസഭയിലേക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം എത്ര? (1)
3. ആഗ്നേയ ശിലകളെ പ്രാഥമികശിലകളെന്ന് വിളിക്കുന്നത് എന്തുകൊണ്ട്? ആഗ്നേയ ശിലയ്ക്ക് ഒരു ഉദാഹരണമെഴുതുക. (2)
4. സാമൂഹ്യസംഘത്തിന് ഒരു ഉദാഹരണമാണല്ലോ കുടുംബം. സാമൂഹ്യസംഘത്തിന്റെ സവിശേഷതകൾ എഴുതുക. (2)
5. തണ്ണീർതടങ്ങൾ നികത്തുന്നതുവഴി പരിസ്ഥിതിക്കുണ്ടാകുന്ന പ്രശ്നങ്ങളേവ? (2)
6. ആഗോളതാപനം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപിന് ഭീഷണിയാകുന്നതെങ്ങനെ? (2)
7. സുഷിരിതാവസ്ഥയും പ്രവേശനീയതയും തമ്മിലുള്ള വ്യത്യാസമെന്ത്? (2)
8. 'എ' കോളത്തിന് അനുസൃതമായി 'ബി' കോളത്തിലെ വിവരങ്ങൾ ക്രമപ്പെടുത്തി എഴുതുക. (4)

| | എ | ബി |
|---|---|---|
| (എ) | വിശാഖദത്തൻ | മൃച്ഛകടികം |
| (ബി) | ശൂദ്രകൻ | മുദ്രരാക്ഷസം |
| (സി) | അമരസിംഹൻ | ലഘുജാതകം |
| (ഡി) | വരാഹമിഹിരൻ | അമരകോശം |

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം (5 x 3 = 15)**

9. നീതി ആയോഗിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക.
10. അനൗപചാരിക സാമൂഹിക നിയന്ത്രണസംവിധാനങ്ങൾ ഏതെല്ലാം?

11. ഇന്ത്യൻ സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യങ്ങളിലൊന്നായ വളർച്ചയെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക.

12. സാമൂഹ്യസംഘങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനങ്ങളേവ?

13. ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചക്കിടയാക്കിയ കാരണങ്ങളേവ?

14. നൈട്രജൻ, ഓക്സിജൻ, കാർബൺഡയോക്സൈഡ് എന്നീ വാതകങ്ങൾ ജീവജാലങ്ങളുടെ നിലനിൽപിന് സഹായകമാകുന്നതെങ്ങനെ?

**15, 16 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1 x 4 = 4)**

15. മഴവെള്ളം ഉപരിതലത്തിലൂടെ ഒഴുകിപ്പോകാതെ മണ്ണിനടിയിലേക്ക് താഴ്ത്താനും ശേഖരിക്കാനും സഹായിക്കുന്ന പ്രവർത്തനങ്ങളേവ?

16. പ്രാഥമിക സംഘങ്ങളും ദ്വിതീയ സംഘങ്ങളും തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം വ്യക്തമാക്കുക.

**17, 18 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1 x 5 = 5)**

17. പ്രധാന അന്തരീക്ഷ മണ്ഡലങ്ങളേവ? ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ വിശദമാക്കുക?

18. പ്രാദേശിക വികസനം സാധ്യമാക്കുന്നതിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പങ്ക് വിശദമാക്കുക.